ഏർപ്പെടുത്തണമെന്നു് ആവശ്യപ്പെട്തിനെത്തുടർന്നു് ക്രൈംബ്രാഞ്ചു് ഇതിനെപ്പററി അനേഷിക്കുകയുണ്ടായി. 15–ാം തീയതി ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കൂടാതെ കേസു് ക്രൈംബ്രാഞ്ചിനു് വിട്ടുകൊടുക്കുകയും ചെയ്തു. കൊല്ലം ക്രൈം ബ്രാഞ്ചു് പോലീസു് സൂപ്രണ്ടു് ബാലന്റെ നേതൃത്വത്തിൽ ഡി. വൈ. എസ്. പി. ഹരിദാസു് നയിക്കുന്ന സ്പെഷ്യൽ സെൽ ആണു് കേസു് ഇപ്പോഴും അനേഷിക്കുന്നതു്. രണ്ടാഴ്ച മുൻപു് ക്രൈം ബ്രാഞ്ചു് ഡി. ഐ. ജി. സ്ഥലത്തുപോയി ഫലപ്രദമായ അനേഷണത്തിനാവശ്യമായ നിർദ്ദേശം കൊടുക്കുകയുണ്ടായിട്ടുണ്ടു്.

(15) മണ്ണാർക്കാടു് നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി

ശ്രീ. കല്ലടി മുഹമ്മദു്: സർ, എന്റെ നിയോജകമണ്ഡലമായ മണ്ണാർക്കാടു് നിയോജകമണ്ഡലത്തിൽ രണ്ടു് എം. എൽ. എ. റോഡുകളുണ്ടു്. ആ രണ്ടു് റോഡുകളുടേയും പണി നടത്തിയിട്ടില്ല. ഇതിന്റെ തൊട്ടു കിടക്കുന്ന മണ്ഡലത്തിലെ റോഡിന്റെ ഒരു ഭാഗം മാത്രമേ തുടങ്ങിയിട്ടുള്ളു. ഒന്നു്, ടിപ്പുസുൽത്താൻ റോഡാണു്. നെല്ലിപ്പുഴക്കടവു് ഉൾപ്പെടെയുള്ള ക്രോസ്വേയുടെ പണി നടന്നിട്ടില്ല. അതുപോലെതന്നെ കല്യാണകുപ്പു്റോഡും. മണ്ണാർക്കാടു് നിയോജകമണ്ഡലത്തിലെ ഈ രണ്ടു് എം. എൽ. എ. റോഡുകളുടേയും പണി നടത്തിയിട്ടില്ല. അടിയന്തിരമായി അതിന്റെ പണി നടത്തണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

മരാമത്തു് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഈ രണ്ടു എം. എൽ. എ. റോഡുകളിൽ ഒന്നാണു് വട്ടംപലം—കോട്ടപ്പുറം—തളപ്പാടം റോഡു്. അതിന്റെ ഒന്നാം ഘട്ടം പിന്നെയെടുത്താൽ മതി. രണ്ടാം ഘട്ടം ആദ്യം തുടങ്ങണമെന്നുള്ള ആവശ്യം പരിഗണിച്ചു് രണ്ടാം ഘട്ടത്തിന്റെ പണി തീരാറായി. ആ രണ്ടാം ഘട്ടം തീരുന്ന മുറയ്ക്കു് 1–ാം ഘട്ടവും പണി ആരംഭിക്കുന്നതാണു്. അതുപോലെ രണ്ടാമത്തെ റോഡാണു് കോങ്ങാടു്—മണ്ണാർക്കാടു്—ടിപ്പുസുൽത്താൻ റോഡു്. അതു് മഹാനായ ടിപ്പുസുൽത്താൻ അന്നുണ്ടാക്കിയ റോഡു് ഒന്നായിട്ടു് എം. എൽ. എ. റോഡായി വന്നിട്ടുള്ളതാണു്. 19 കിലോമീറ്റർ നീളമുണ്ടു്. അതിൽ പ്രധാനപ്പെട്ട നാലു് പാലങ്ങളുണ്ടു്. ആ പാലങ്ങൾക്കു് വേണ്ടി മാത്രം 196 ലക്ഷം രൂപ 1982–ലെ റേറനുസരിച്ചു് വേണ്ടി വരും. അതുകൊണ്ടു് റോഡു് നിർമ്മാണം ഘട്ടം ഘട്ടമായിട്ടു് ഗവൺമെന്റു് ആരംഭിച്ചിട്ടുണ്ടു്. 1–ാം ഘട്ടം പൂർത്തിയായി വരുന്നുണ്ടു്. ഈ പാലങ്ങൾ നിർമ്മിക്കാൻ സെൻട്രൽ റോഡു് ഫണ്ടിന്റെ സഹായം അഭ്യർത്ഥിക്കുകയാണു്. ആ സഹായം കിട്ടിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ചു് പരിഗണിക്കും.

(16) കുരുമുളകു് കൃഷിക്കാർക്കു് സഹായം നൽകണമെന്ന ആവശ്യം

ശ്രീ. മാത്യു സ്റ്റീഫൻ: ഇടുക്കി ജില്ലയിലെ കുരുമുളകു് കൃഷിക്കാർ ഇന്നു് വളരെ ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണു്. ദ്രുതവാട്ടം എന്നു് പറഞ്ഞ ഒരു രോഗം പിടിപെട്ടു് ആ പ്രദേശത്തെ മുഴുവൻ കുരുമുളകു് കൃഷിയും നശിച്ചുപോയി. ആ കൃഷിക്കാർക്കു് രണ്ടു വർഷം

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് കൂടിയ കോൺഫറൻസിൽ വച്ച് ബഹു. മന്ത്രി വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ യാതൊരു സഹായങ്ങളും കിട്ടിയിട്ടില്ല. അടിയന്തിരമായി ഗവൺമെൻറ് ആ കൃഷിക്കാരെ സഹായിക്കുന്നില്ലെങ്കിൽ നമ്മുടെ കുരുമുളക് ചെടികൾ പൂർണ്ണമായിട്ടും നശിക്കും. 5 വർഷം മുൻപ് 60 രൂപ ഒരു കിലോഗ്രാം കുരുമുളകിന് ഉണ്ടായിരുന്നു. ഇന്ന് ആ ഒരു കിലോ കുരുമുളകിന്റെ വില 30 രൂപയായി ചുരുങ്ങിയിരിക്കുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തിരിക്കുന്ന കൃഷിക്കാർക്ക് യാതൊരു തരത്തിലുള്ള സൗകര്യങ്ങളും ലഭിക്കുന്നില്ല. അങ്ങനെ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഇടുക്കി ജില്ലയിലെ കുരുമുളക് കൃഷിക്കാരെ സഹായിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുകയും ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ട ക്രമീകരണമുണ്ടാക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. വി. രാഘവൻ): സർ, യാതൊരു സൗകര്യവും കിട്ടുന്നില്ലയെന്നത് ഈ ദിനത്തിന്റെ പ്രാധാന്യം കൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായിരിക്കാം. ഞാൻ ഉള്ള കാര്യങ്ങൾ പറയാം. കുരുമുളക് കൃഷിക്കാരെ സഹായിക്കാൻ കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. ദ്രുതവാട്ടരോഗത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കേരള സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം, സംസ്ഥാന കൃഷി വകുപ്പ് എന്നിവയിലെ ശാസ്ത്രജ്ഞൻമാരടങ്ങുന്ന ഒരു ഉന്നതതലകമ്മിറ്റിയെ നിയോഗിച്ച്, ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കുരുമുളക് കൃഷിക്ക് പുതിയ പരിചരണ മുറകൾ നിർദ്ദേശിച്ച് നടപ്പിലാക്കി വരികയാണ്. കുരുമുളക് കൃഷിയിൽ ഗ്രൂപ്പ് മാനേജുമെൻറ് സമ്പ്രദായം ഇടുക്കി ജില്ലയിൽ 1991 സാമ്പത്തിക വർഷം ആരംഭിച്ചു. ഇതുവരെ 186 കുരുമുളക് സംരക്ഷണ ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവയുടെ പ്രവർത്തനഫലമായി കുരുമുളക് കൃഷിയെ ശാസ്ത്രീയമായ രീതിയിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പെട്ടെന്നുള്ള കീടരോഗ ബാധ തടയുന്നതിനുള്ള കരുതൽ പദ്ധതിയിൽ വകകൊള്ളിച്ച തുകയിൽ ഒരു ലക്ഷം രൂപ ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി കൊടുത്തു. ഇതേ പദ്ധതി പ്രകാരം രോഗ നിയന്ത്രണത്തിനാവശ്യമായ കുമിൾനാശിനി പകുതി വിലയ്ക്ക് കൃഷിക്കാർക്ക് നൽകി വരുന്നു. രോഗം വ്യാപകമായി കണ്ടുവരുന്ന പ്രദേശങ്ങളിൽ സെമിനാറുകളും ചർച്ചാക്ലാസുകളും നടത്തി കർഷകർക്ക് രോഗ നിയന്ത്രണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കർഷകരെ ബോധവാൻമാരാക്കാൻ ദിനപ്പത്രങ്ങൾ, റേഡിയോ, ടി. വി. തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിച്ചുവരുന്നു. 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. രണ്ടു ലക്ഷം കുരുമുളക് വള്ളികൾ വിതരണത്തിനായി ഉൽപ്പാദിപ്പിച്ചുകൊടുത്തു. പ്രായം ചെന്നതും ഉൽപ്പാദനശേഷി കുറഞ്ഞതുമായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു ഹെക്ടറിന് പരമാവധി 1475 രൂപ വീതം 500 ഹെക്ടർ സ്ഥലത്തേയ്ക്ക് 7.375 ലക്ഷം രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. ചെറുകിട നാമമാത്ര കർഷകർക്ക് വളവും സസ്യസംരക്ഷണ മരുന്നുകളും അടങ്ങുന്ന 6,000 കിറ്റുകൾ 7.5 ലക്ഷം രൂപ ചെലവുവരുന്നവ വിതരണം ചെയ്തു. കൂടാതെ 50 ശതമാനം സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

നിരക്കിൽ 30 സ്പ്രേയറുകളും വിതരണം നടത്തി. ദ്രുതവാട്ടരോഗം തടയാനായി 2541 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇടുക്കിയിലെ 15,000 ഹെക്ടർ സ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1991-92 വർഷം കുരുമുളക് കൃഷിക്ക് ഗ്രൂപ്പ് മാനേജുമെന്റ് ഏർപ്പെടുത്താൻ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുരുമുളക് കൃഷിക്കാർക്ക് ഇത് അനുസരിച്ച് 4.5 ലക്ഷം രൂപയുടെ സഹായങ്ങൾ ലഭിക്കും.

(17) തൃക്കണ്ണാപുരം പാലം പണിയണമെന്ന ആവശ്യം

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കരമനയാറിന്റെ കുറുകെ തിരുവനന്തപുരം നഗരവും അതുപോലെതന്നെ തെക്കൻ പ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന തൃക്കണ്ണാപുരം പാലം പണിയണമെന്നുള്ള ജനങ്ങളുടെ അഭിലാഷം അനുസരിച്ച് പ്രാരംഭ നടപടികളും തുടങ്ങിയിട്ട് വളരെ വർഷങ്ങളായി. പ്രാരംഭ നടപടികളും നടന്നതല്ലാതെ പാലം പണിയുന്നതിന് മറ്റു പണികളൊന്നും നടന്നിട്ടില്ല. ജനങ്ങളും ഉത്കണ്ഠാകുലരാണ്. ലക്ഷക്കണക്കിനാളുകൾക്ക് സഞ്ചരിക്കാനുള്ള ഒരു പാലമെന്നുള്ള നിലയിൽ അടിയന്തിരമായി അതിന്റെ പണിക്കാവശ്യമായ നടപടി സ്വീകരിച്ച് ആ പാലം പണി തുടങ്ങണമെന്നപേക്ഷിക്കുകയാണ്.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഉത്കണ്ഠാകുലരായ ജനങ്ങളുടെ ആവശ്യങ്ങൾക്കുമുമ്പിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനാഗ്രഹമുണ്ടെങ്കിലും സാമ്പത്തികമായ പരാധീനതകൊണ്ട് തൽക്കാലം നീട്ടിവച്ചതാണ്. കഴിവിന്റെ പരമാവധി പരിഗണന ഈ കാര്യത്തിൽ ഗവൺമെന്റ് നൽകുന്നതാണ്.

(18) നാദാപുരം ടൗൺ വികസിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സത്യൻ മൊകേരി: സർ, നാദാപുരം ടൗണിന്റെ വികസനത്തിനും ആ ടൗൺ ഗതാഗതയോഗ്യമാക്കുന്നതിനും വേണ്ടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ അതിന് വേണ്ടി മാറ്റി വച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിന്റെ നടപടികൾ ത്വരിതപ്പെടുത്തണം. ലാൻറ് അക്വിസിഷൻ നടപടിയാണ് പ്രധാനമായി സ്വീകരിക്കേണ്ടത്. മെറ്റൽ സാങ്ഷൻ ഉൾപ്പെടെ തന്നിട്ടുള്ള പ്രവർത്തിയാണ്, അത് പൂർത്തീകരിക്കുന്നതിനു വേണ്ടി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി.കെ. ഹംസ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായിട്ടുള്ള പ്രവർത്തി ആരംഭിക്കുന്നതിന് 40 ലക്ഷം രൂപ എസ്റ്റിമേറ്റ്സിനുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്. ലാൻറ് അക്വിസിഷൻ നടപടിക്കുമാത്രം പതിനേഴര ലക്ഷം രൂപ ചെലവുവരുന്നു, കെട്ടിടങ്ങളും മറ്റും പൊളിക്കേണ്ടതുണ്ട്, അതും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ട നടപടികളും ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly